പദ്ധതിയേതര വിഹിതം നിലവിലുള്ള 824 ലക്ഷം രൂപയിൽ നിന്നും 11 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിന് JNTBGRI-യിൽനിന്നും ലഭിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

തസ്തികകളുടെ പുനർവിന്യാസം - സംബന്ധിച്ച്

42 (3673) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനർ വിന്യാസം നടത്തുന്നതിനായി കണ്ടെത്തിയ തസ്തികകൾ എത്രയാണ് ; വകുപ്പ് തിരിച്ച് വിശദമാക്കാമോ ; ഇതിനകം എത്ര തസ്തികകൾ പുനർ വിന്യാസം നടത്തുകയുണ്ടായി ;

(ബി) പുനർവിന്യാസത്തിനുള്ള തസ്തികകൾ കണ്ടെത്തിയ മാനദണ്ഡം എന്തായിരുന്നു ;

(സി) ഇത് സംബന്ധമായി നിയോഗിക്കപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റിയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു ;

(ഡി) ഏത് തീയതിക്കകം പുനർവിന്യാസം പൂർത്തിയാക്കാനാണുദ്ദേശിക്കുന്നത്?

ഉത്തരം

(എ) പുനർ വിന്യാസം നടത്തുന്നതിനുള്ള തസ്തികകൾ കണ്ടെത്തിയിട്ടില്ല.

(ബി-ഡി) ബാധകമല്ല.

ഐ.എ.എസ്., സെക്രട്ടേറിയറ്റ്/പി.എസ്.സി. അസിസ്റ്റന്റ് തസ്തികൾക്ക് വേണ്ട യോഗ്യത

43 (3674) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.പി.എസ്.സി. വഴി നിയമിതനാകുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് വേണ്ട അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന പി.എസ്.സി. വഴി നിയമിക്കുന്ന അസിസ്റ്റന്റ് തസ്തികയുടെ (സെക്രട്ടേറിയറ്റ്/പി.എസ്.സി. etc) അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെന്ത്;

(സി) ഓരോ തസ്തികക്കും വേണ്ട വിദ്യാഭ്യാസ യോഗ്യത പി.എസ്.സി. ഉയർത്തുമ്പോൾ യു.പി.എസ്.സി. പരിഗണിക്കുന്ന യോഗ്യതകളുമായി പി.ആന്റ്.എ.ആർ.ഡി. താരതമ്യ പഠനം നടത്താറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly